**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനവും മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിക്കലും അമിതതോതിലെ മത്സ്യബന്ധനവും അശാസ്ത്രീയ മത്സ്യബന്ധനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മൂലം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സമുദ്ര മത്സ്യ ലഭ്യതയിലുണ്ടായ ഇടിവും ആയത് മത്സ്യമേഖലയെത്തന്നെ എത്തരത്തിൽ ബാധിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീ കരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് മത്സ്യബന്ധന മേഖലയിൽ ഗുരുതരമായ പ്രതിസന്ധികൾ ഉണ്ടാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നിരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ കെ.എം.എഫ്.ആർ. ചട്ടം നടപ്പാക്കുകയും ചെയ്തത് വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ (2019-20, 2020-21) കടൽ മത്സ്യ ലഭ്യതയിൽ കുറവുണ്ടായിരുന്നു. ഈ വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണങ്ങൾ കോവിഡ് പ്രതിസന്ധിയും, കാലാവസ്ഥ മുന്നറിയിപ്പ് മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതും ആണ്. എന്നാൽ 2021-22 വർഷത്തിൽ മത്സ്യലഭ്യത 6.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. 2022-23 വർഷം 2-ാം പാദമായപ്പോൾ മത്സ്യോത്പാദനം 3.08 ലക്ഷം മെട്രിക് ടണ്ണായിട്ടുണ്ട്. ഇത് മത്സ്യോല്പാദനത്തിന്റെ വർദ്ധനവ് ആണ് പ്രകടമാക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ തടയുവാനും മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് മത്സ്യമേഖലയെയും ഒപ്പം മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാനും ഈ | (ബി) | അശാസ്ത്രീയ മത്സ്യബന്ധനവും, മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിക്കുന്നതും, നിരോധിത വലകളുടെ ഉപയോഗവും മത്സ്യവിഭവ ശോഷണത്തിന് |

| | | | |
|---|---|---|---|
| | സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | കാരണമാകുമെന്ന് കണ്ട് സർക്കാർ ഉപരിതല ട്രോളിംഗ്, മിഡ് വാട്ടർ ട്രോളിംഗ്, പസ്ലീനിങ്ങ് എന്നീ മത്സ്യബന്ധന രീതികൾ കേരളത്തിന്റെ സമുദ്രാതിർത്തിയിൽ നിരോധിച്ചിട്ടുണ്ട്. അതു പോലെ രാത്രികാല ട്രോളിംഗ്, കരവലി എന്നിവയും നിരോധിച്ചിട്ടുണ്ട്. ഇതിന് പുറമെ രാസവസ്തുക്കൾ, ഡൈനാമിറ്റ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, തള്ള മത്സ്യങ്ങളെ കൂട്ടത്തോടെ നശിപ്പിക്കുന്ന ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസസ് (FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവയും കെ.എം.എഫ്.ആർ ആക്ടിൽ ഭേദഗതി വരുത്തി നിരോധിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ വൻ തോതിൽ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലുപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മൺസൂൺ കാലത്ത് ട്രോൾബാൻ നടപ്പിലാക്കി വരുന്നു. ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി ചെറുമത്സ്യങ്ങളുടെയും മത്സ്യസമ്പ ത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കു വാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇതിനകം 9 |

| | | | |
|---|---|---|---|
| | | | മറൈൻ ജില്ലകളിലും മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ 4 ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അനധികൃത മത്സ്യബന്ധനം നിയന്ത്രിയ്ക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്ത മായി കടൽ പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ട്, റൂൾ എന്നിവ ലംഘിക്കുന്ന മത്സ്യബന്ധന യാനങ്ങളെ കണ്ടുകെട്ടി നിയമം അനുശാസിക്കുന്ന പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ